**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4681** **19-03-2025 - ൽ മറുപടിയ്ക്ക്**

**പൂമല ഡാമിന്റെ സ്പിൽവേക്ക് സമീപം സ്റ്റീൽ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് തുടർനടപടികൾക്കായി ഡാം സേഫ്റ്റി അതോറിട്ടിക്ക് കൈമാറിയ പൂമല ഡാമിന്റെ സ്പിൽവേക്ക് സമീപം സ്റ്റീൽ പാലം നിർമ്മിക്കുന്നതിന് തൃശ്ശൂർ ഡി.ടി.പി.സി. നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | പൂമല ഡാമിന്റെ കിഴക്കേ ഭാഗത്ത് 15 മീറ്റർ വീതിയിലും 16 മീറ്റർ നീളത്തിലും വിനോദ സഞ്ചാരികൾക്കായി ഒരു സ്റ്റീൽ ബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ പ്രവൃത്തിക്കായി DTPC തൃശ്ശൂർ അപേക്ഷ സമർപ്പിച്ചിരുന്നു. ഡാമിന്റെ സ്പിൽവേയുടെ downstream-ൽ ഡാം ഷട്ടറിൽ നിന്നും 14 മീറ്റർ മാറി സ്പിൽവേ കനാലിനു കുറുകെയാണ് സ്റ്റീൽ ബ്രിഡ്ജ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ പൂമല ഡാമിന്റെ സ്ട്രക്ചറിനും spillway കനാലിന്റെ പാർശ്വഭിത്തികൾക്കും കേടുപാട് ഉണ്ടാക്കാതെയും ഡാമിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനും തടസ്സം വരാത്ത വിധത്തിലും മണ്ണ് പരിശോധനക്കായി മാത്രമുള്ള അനുമതിക്കായിട്ടുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ